കേരള സർക്കാർ

നം.ഡി.എ. 1/529/2017/തസ്വഭവ

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്,
തിരുവനന്തപുരം, 26.07.2017

## സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - 2017-18 വാർഷിക പദ്ധതി പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച് കോർഡിനേഷൻ കമ്മിറ്റിയുടെ അനുമതി തേടുന്നത് - സ്പഷ്ടീകരണം - സംബന്ധിച്ച്

സൂചന:- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 12/07/2017-ലെ 2.4-ാം നമ്പർ തീരുമാനം

പല തദ്ദേശ ഭരണ സ്ഥാപനങ്ങളും 2017-18 വാർഷിക പദ്ധതിയിലെ (ഡി.പി.സി അംഗീകരിച്ചവ) പ്രോജക്ടുകൾ നിർവഹണം നടത്തുന്നതിന് കോഓർഡിനേഷൻ കമ്മിറ്റിയുടെ മുൻകൂർ അനുമതി ആവശ്യപ്പെടുന്നുണ്ട്. ഇവ പലതും മാർഗരേഖയിൽ പ്രതിപാദിക്കാത്തതിനാലോ മാർഗരേഖയിൽ നിന്നു ചെറിയ വ്യതിയാനം ഉള്ളതിനാലോ ആണ്. ഇതു സംബന്ധിച്ച് താഴെ പറയുന്ന സ്പഷ്ടീകരണം നൽകുന്നു.

ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ഇത്തരം പ്രോജക്ടുകൾ മാനദണ്ഡങ്ങളും മറ്റും പരിശോധിച്ച് വെറ്റിംഗ് നടത്തേണ്ടത് വെറ്റിംഗ് ഓഫീസറാണ്. വെറ്റിംഗ് ഓഫീസർ അംഗീകരിച്ചില്ല എങ്കിൽ ജില്ലാതലത്തിൽ അപ്പീൽ കമ്മിറ്റികൾ ഉണ്ട്. വെറ്റിംഗ് ഓഫീസറുടേയും അപ്പീൽ കമ്മിറ്റിയുടേയും പരിശോധനയ്ക്കു ശേഷമുള്ള അപ്പീൽ മാത്രമേ കോഓർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിക്കുകയുള്ളൂ.

എൻ.വിശ്രുതൻ ആചാരി

ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, തിരുവനന്തപുരം
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൻമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും

എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും- ഗ്രാമവികസന കമ്മീഷണർ മുഖേന

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

~~എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം~~

കരുതൽ ഫയൽ / ഓഫീസ് കോപ്പി

പകർപ്പ്:- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിയ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിയ്ക്ക്

ഉത്തരവിൻ പ്രകാരം

Saradadevi

സെക്ഷൻ ഓഫീസർ